# നാടാർ

വിവാഹാലോചനകൾക്ക്

nadarkalyanam.in

ഇന്നു തന്നെ ഓൺലൈനിൽ രജിസ്റ്റർ ചെയ്യുക





# സുഷുപ്തി

കുടുംബമാസിക

dinakairali tv (Utube) 2021 നവംബർ www.kamarajvidyajyothi.com

E-mail : nadarwelfare@gmail.com | Website : www.ayyavaikundar.org

നാടാർ സമുദായത്തിന്റെ മുഖപത്രം | നാടാർ കുടുംബക്ഷേമസമിതി അംഗങ്ങൾക്കുള്ള പഠനസഹായി


## കെ എൻ എം എസ് നേതാക്കൾ പന്മനയിൽ

കേരള നാടാർ മഹാജന സംഘം സംസ്ഥാന അസിസ്റ്റന്റ് ജനറൽ സെക്രട്ടറി എ.എസ്.അഹിമോഹനൻ, ഡയറക്ടർമാരായ രാജൻ ബാബു പാമാംകോട്, മാവിള രാജേന്ദ്രൻ, ഷെൽട്ടൻ ജോർജ്ജ് എന്നിവരുൾപ്പെട്ട ആറംഗസംഘം പന്മന ആശ്രമത്തിൽ ദർശനം നടത്തി. മഹാ ആത്മീയ പണ്ഡിതനും സാമൂഹ്യപരിഷ്കർത്താവുമായ ചട്ടമ്പിസ്വാമികളുടെ സമാധി സ്ഥലമായ ഇവിടേക്ക് നാടാർ സമുദായ സംഘടനാ പ്രതിനിധികളെത്തുന്നത് ഇതാദ്യമായാണ്. തുടർന്നുള്ള വർഷങ്ങളിലും ഇതേ ദിവസം പന്മന ആശ്രമത്തിൽ കെ എൻ എം എസ് പ്രതിനിധികൾ ദർശനം നടത്തും. ആശ്രമം പ്രസിഡന്റ് എസ്. വിജയനെ അയ്യാവൈകുണ്ഡരുടെ സമാധിസ്ഥലമായ സാമിത്തോപ്പുപതി സന്ദർശിക്കുവാൻ ക്ഷണിക്കുകയും ക്ഷണം അദ്ദേഹം സ്വീകരിക്കുകയും ചെയ്തു. നാടാർ സാംസ്കാരിക പൈതൃകം കേരളത്തിന്റെ പൊതു സാമൂഹ്യധാരയിലേക്ക് വ്യാപരിപ്പിക്കുന്നതിന്റെ തുടക്കമാണ്



ഈ യാത്ര. ചട്ടമ്പിസ്വാമി സമാധിയിലും കുമ്പളത്തു ശങ്കുപ്പിള്ളയുടെ സ്മൃതിമണ്ഡപത്തിലും ഹാരാർപ്പണവും പുഷ്പാർച്ചനയും നടത്തി. ആശ്രമത്തിൽ നിന്ന് ഉച്ചഭക്ഷണവും കഴിച്ചാണ് സംഘം മടങ്ങിയത്.

## കരുപ്പട്ടി ഉത്പാദനം വർദ്ധിപ്പിക്കൽ പദ്ധതി മുഖ്യമന്ത്രി ഉത്ഘാടനം ചെയ്തു

കൊറോണയെ പ്രതിരോധിക്കുവാൻ പര്യാപ്തമായ കരുപ്പട്ടി റേഷൻകടകളിലൂടെ വില്പനക്ക് തമിഴ്നാട്ടിൽ തുട



ക്കമായി. മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ പദ്ധതി ഉത്ഘാടനം ചെയ്തു. പനകയറ്റ തൊഴിലാളികളുടെ ജീവിത നിലവാരമുയർത്തുന്നതിനായുള്ള ആദ്യ നടപടിയാണിതെന്ന് ഉത്ഘാടനം നിർവഹിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. പന അനുബന്ധ തൊഴിലുകളിലേർപ്പെട്ടിരിക്കുന്നവർക്ക് തൊഴിൽ സംരക്ഷണവും വിപണനത്തിന് ഉത്പന്ന വൈവിധ്യവും ഉറപ്പുവരുത്താനുള്ള നടപടികൾക്ക് ഉടൻ രൂപം നൽകുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

തമിഴ്നാട്ടിൽ പനകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് കൂടുതൽ മരങ്ങൾ നട്ടുപിടിപ്പിക്കുവാനുള്ള പദ്ധതിയും ആരംഭിച്ചു. രാധാപുരം നിയോജക മണ്ഡലത്തിൽ നിന്നും ഒരു ലക്ഷം പനവിത്തുകൾ സർക്കാരിന് നൽകിക്കൊണ്ട് നിയമസഭാ സ്പീക്കർ എം. അപ്പാവുനാടാർ ഈ പദ്ധതിയുടെ ഉത്ഘാടനം നിർവഹിച്ചു. രണ്ടു മാസങ്ങൾക്കുമുമ്പ് സംഘം നേതാക്കന്മാർ മുഖ്യമന്ത്രിക്കു നൽകിയ നിവേദനത്തെ തുടർന്നാണ് ഈ അടിയന്തിര നടപടികൾ.





നാടാർ സമുദായത്തിന്റെ കുലത്തൊഴിലുകളിലൊന്നായ പനകയറ്റത്തെ പരിപോഷിപ്പിക്കുവാൻ നടപടികൾക്ക് തുടക്കം കുറിച്ച സംസ്ഥാന സർക്കാരിനേയും മുഖ്യമന്ത്രിയേയും ദക്ഷിണമാര നാടാർ സംഘം ജനറൽ സെക്രട്ടറി ആർ. ഷൺമുഖവേൽ നാടാർ അഭിനന്ദിച്ചു. ഈ രംഗത്ത് ആവശ്യമായ യന്ത്രങ്ങൾ നവീകരിച്ച് സൗജന്യമായി നൽകണമെന്നും വറുതിക്കാലത്ത് ഇതര തൊഴിലാളികൾക്ക് നൽകുന്ന രീതിയിലുള്ള ധനസഹായം പന-അനുബന്ധ മേഖലയ്ക്കും നൽകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

### സുഷുപ്തി ഇപ്പോൾ ഓൺലൈനിൽ

ലോകത്തിന്റെ ഏതു ഭാഗത്തിരുന്നും ഇപ്പോൾ സുഷുപ്തി മാസിക ഓൺലൈനിൻ സൗജന്യമായി വായിക്കാവുന്നതാണ്. www.ayyavaikundar.org എന്ന വെബ്സൈറ്റിന്റെ പേജുകളിൽ 'സുഷുപ്തി മാസിക' എന്ന ലിങ്ക് ക്ലിക്ക് ചെയ്താൽ എല്ലാ പേജുകളും ലഭ്യമാണ്.

# The month that was......

**Indian Defence:** After several delays in its modernisation process, the Army Air Defence is in for a major procurement. These includes additional indigenous Akash Surface to Air Missile (SAM) systems, Medium range Surface to Air Missiles and Igla - S, very short range air defence systems from Russia. The Army issued the Request For Proposals (RFP) for 220 Air defence guns and 1,41,576 rounds of ammunitions to be procured under the 'buy and make' category of the acquisition procedure.



**Air India sold:** Tata Special Purpose Vehicle (SPV) 'Talace' placed a winning bid of Rs.18,000 crore enterprise value, beating Rs.15,100-crore offer from Ajay Singh of Spice Jet. The Maharaja has come a full circle. Come January, Air India will be piloted by the Tata Group, again after 68 years, with the government deciding to sell the national carrier. This signals the end of the process of Air India's sale that began in July 2017 under Modi government, and the start of a new flight path, with the return of the airline to the Tatas.

The history goes back to the year 1932. In the year 1932, Jehangir Ratanji Dadabhoy (JRD) Tata, a 25 year old aviation fan with big dreams, and former Royal Air Force Pilot Neville Vincent launched 'Tata Air Mail'. The two would ferry passengers and mail from Karachi to Bombay to Madras. There were only two pilots, there ground engineers, four porters, two security guards. Just in 6 years, it expanded to Delhi, then to Hydrabad, Goa, and Colombo. Then the name was changed to 'Tata Airlines'. Its success was only to increase with the entrepreneurial opportunities that came with independence. The company went to Public. In 1946, the aviation division of Tata Sons was listed as Air India and in 1948 Air India International was launched with flights to Europe. Air India acquired advanced aircrafts to go International. The international service was among the first public-private partnerships in India, with the government holding 49 per cent, the Tatas 25 per cent and the public owning the rest. On its first international flight to London in 1948, it carried some big names including Diplomat Krishna Menon. 21 years from its first flight it was nationalized in 1953. In 1962, it became the first all - jet airlines. Fine service due to the involvement of JRD Tata kept the Airlines in a high standard. In 1978, Tata was taken off the Air India Board by Prime Minister Morarji Desai for unclear reasons - serving liquor could be the reason. The airlines slowly lost its position and got into debt situation. In 2007, Air India and Indian Airlines were merged. But the decline continued.



All eyes are now back on the airline and the Tatas, which already owns two carriers. With this, the entire 100 per cent shareholding of Air India along with AI's shareholding in Air India Express Limited (AIXL) and AISATS will pass on to new the owner.

**Germany:** Based on the September 26th vote, the next government is yet to be formed, as the election is a close one; it may take some more time.



Er. Jayakumar Thomas

**Afghanistan:** China has delivered the first batch of its $31 million humanitarian assistance, comprising emergency supplies such as blankets and jackets to the Taliban's interim government in Afghanistan. They included blankets, down jackets and other winter supplies urgently needed by the Afghan people. Besides coordinating closely with Russia on Afghanistan -- China and Pakistan are playing a lead role after the Taliban took over power. UN agencies warned that Afghanistan is in the brink of one of the world's worst humanitarian crises, with more than half of the country facing acute food shortage.

**Farmers' Agitation:** The agitation is being continued beyond a year for the withdrawal of the 3 Anti farmer laws. In a cruel incident a young Dalit man was murdered at the Singhur border, the site of the of the farmers' agitation. BJP immediately targeted the farmers' union leaders and accused them for the murder. The body of the slain was tied to a police barricade with a wrist and a leg severed. It was a mystery until Narain, a member of the Nihang Sikh Community surrendered. Before his arrest, Narain said Lakhbir Singh, who was the victim was punished allegedly for desecrating the holy 'Sikh Scripture'. The Shiromani Gurdwara Parbandh Committee (SGPC), the body responsible for the management of all Gurdwaras has extended support to the farmers. The farmers resorted to Rail Roko on October 18th putting the rail traffic in a mess.

**America's Might:** Gone are the days of the Aircraft Carrier USS Enterprise, a terror sometime back with F 16s in the eighties. A Naval exercise 'Malabar 2021' was recently held in Vishakapatnam coast in Bay of Bengal. Nuclear powered Super Carrier 'USS Carl Vinson', a Nimitz - class was exhibited. Not only the flurry of activity, its fire power, its fighter jets on board and the enthusiasm of the crew on board was worth a take. The 1.13 lakh tonne behemoth from the US Pacific fleet is part of the Carrier Strike Group One, a floating city. It carries 5000 crew members, including 1000 women and has unlimited range and endurance capabilities. Food replenishment is done by helicopters, if required. The ship has a huge desalination plant to take care of its water needs and usage of plastic is minimised; and a plastic recycling plant is established within. It has two laundries, two hospitals and has 10 floors. It carries world's top class F - 18s, Super Hornets, F 35s, all weather stealth multi - role combat air craft and many others.



**Trivandrum Airport:** As part of the privatisation policy of Government of India, Trivandrum Airport has been taken over by Adani Group, a Gujarat based business giant on October 14th. The IT and tourism industries are optimistic as the takeover is expected to bring massive development to the airport and give a much-needed boost to the capital city's overall development.



# ഓലച്ചുവടികളിൽ നിന്നും കണ്ടെത്തിയത്

സമ്പാദകൻ : വി. നേശയ്യൻ നാടാർ



## അടുക്കുനിലെ പോതകം

നകൈ പിറന്തയിടമെങ്കെ കോപമെങ്കെ ?
നകരമേഴാം നരകമാനതെങ്കെ ?
തികൈത്തുമറന്തയിടമെങ്കെ നിനൈപ്പുമെങ്കെ ?
തീരാതൈകുറൈവന്തു ചൂഴ്ന്തതെങ്കെ ?
പകൈത്തയിടം താനെങ്കെ ഒഴുക്കമെങ്കെ ?
പകലിരവുമിരുന്തവിടം താനുമെങ്കെ ?
വകൈപ്പൊരുള്ളെയന്തുരൈക്കുംപെരിയോർതമ്മെ ?
വണങ്കികുരുവരെനെന്റു വാഴ്ത്തലാമേ
ആറുകാൽമുകമാരുമാനതെങ്കെ ?
ആറുപത്തുനാലുകലൈ നിന്റതെങ്കേ ?
ചീറുകാൽ പന്നിരണ്ടിൽ കഴിന്തതെങ്കെ?
ചെത്തയിടവും ചാകാതിരുന്തിടവുമെങ്കെ ?
പൂരുവനീയിരുന്തുവന്തു പിറന്തയിടം താനെങ്കെ?
പുത്തിതനിൽ അൻപത്തോരക്ഷരവുമെങ്കെ ?
വേറുപൊരുളുറയാതുള്ള പടിയേചൊൽവാർ
വെല്ലടിയിലെ പണിന്തുമെയിലാമേ

ആതികതിർചന്തിരനും പിറന്തതെങ്കെ ?
അവരൊടുങ്കിനിർക്കുമതുയിടവുമെങ്കെ ?
ചാതിപലമൊന്റാകൈ കണ്ടതെങ്കെ ?
ചത്തിശിവമെന്റു പിരിവാനതെങ്കെ?
ഒതിയുണർന്നേപൂശൈ മറന്തതെങ്കേ ?
ഉച്ചിട്ടനിടുത്തയിടവുമെങ്കെ?
ചോതിപോൽജ്ഞാനവൊളി പെറ്റപേർകൾ
ചൊല്ലിയെല്ലാം ഉടലിൽ ചൊല്ലുവായേ
ഇരുൾപെറന്തയിടവുമെങ്കെ ഒടുങ്കിടവുമെങ്കെ?
ഇരുണ്ടതിരുചങ്കുനിന്റ ഇടവുമെങ്കെ ?
അരുൾപിറന്തും പാടിനിന്റയിടവുമെങ്കെ?
അറുത്തടൈത്ത വാസലൊന്റുകണ്ടതെങ്കെ?
തിരുപിറന്തയിടമെങ്കെ ഏഴുകിണറുമെങ്കെ ?
തിരുക്കിണറ്റൈ ഇറൈക്കിൽ ഏറ്റമെങ്കെ ?
തിരുപ്പമുടൻ അടുക്കുനിലൈ പോതുകത്തൈ
വിളമ്പിനേമെയ്ജ്ഞാനമറിവുള്ളോർക്കെ.

## അടുക്കുനിലെ പോതകപിരിവ്

നകൈപിറന്തയിടം കൂർമ്മൻ ത്രീനരൻതാൻകോപം
നരകമേഴാം നരകം യോനിവാസൽ തികയ്ന്തു
മറന്തിടം ലലാടം നിനൈന്തിടമോ നെഞ്ച്
തീരാതകുറൈ മുന്മേലമേയാകും
പകൈത്തയിടം നാക്ക് ഇന്നും ഒടുക്കംപൂതം
പകലിരവുയില്ലാതൈയിടം കെർപ്പപ്പൈയി
വകൈവിവരമറിന്തുരൈത്തേൻ പെരിയോരെ
മുന്നേപരിശുപലപൊരുളർപ്പീർ എനക്കുതാനെ
ആറുകാൽമുഖമാറും നിഖപീഠം താൻ
അറുപത്തു നാലുക്കലൈ ലിങ്കംപീഠം
ചീറുകാൽ പന്നിരണ്ടിൽകഴിന്തതു പഞ്ചാക്ഷരം
ചെത്തയിടംതലൈയോടു ചാകാതിടംമൂളൈയാകും
കുകൈയിരുക്കുമിടം മനോൺമണിയാൾ വീട്
കൊണ്ടെഴുന്തുവന്തയിടം മുക്കോണംതാൻ
വേറാന അക്ഷരം താൻ അൻപത്തൊന്റു
പേശും തരമാറിൽ കാണലാമേ

ആതികതിർ ചന്തിരൻ പെരുവിരൽ താൻ
അവരൊടുങ്കിനിർക്കുമിടം വലതുകാലും
ചാതിപലനൊന്റാനയിടം ചുക്കിലംതാൻ
ചത്തിശിവൻ പിറന്തയിടം കമലപീഠം
ഓതിയതോർപൂശൈയറ്റയിടം മുതുക്
ഉച്ചിട്ടാൻ ഇടന്താൻ കൊടിയേ ആകും
ചോതിപോൽ ജ്ഞാനിഒളി പെറ്റപേർകൾ
ചുരുതിമുറൈയിന്നതെന്റു അറിന്തുകാണേ
ഇരുൾപിറന്തയിടം രുത്തിരൻ ഇരുപ്പുമാകും
ഇരുളറ്റയിടം മരുത്തുവാമലൈയുമാകും
അരുൾപിറന്തരണ്ടുശങ്കു ശ്വാസപ്പൈയ്യാം
അതുപാർക്കും തലമതുതാൻ ഉമിനീർകേളു
അറുത്തടൈത്തവാസലമതു തൊപ്പിളാച്ച്
തിരുകിണറ്റിൽ ഏറ്റമതു ചിങ്ങുവൈയാകും
തിരുവളൈപ്പോറ്റിമൊഴിന്തു ചൊന്നോം
വേറുപൊരുൾ ഉരൈയാന പറ്റിയേചൊന്നേൻ
വെല്ലടിയാലെ പണിന്തുമെലിയലാമേ

# കുലശേഖര പെരുമാൾ



ഇളംകുളം കുഞ്ഞൻപിള്ള

*(തുടർച്ച)*

വഞ്ചിരാജവംശം ആദിചോരാജവംശത്തിൽ നിന്ന് ഉദ്ഭവിച്ച താണെന്നും അതിന്റെ പ്രതിഷ്ഠാപകൻ ഒരു കുലശേഖര ദേവനാണെന്നുമുള്ള ഐതിഹ്യം തിരുവിതാംകൂർ ചരിത്ര രചയിതാക്കളിൽ പ്രഥമ ഗണനീയനായ ശങ്കുണ്ണിമേനോൻ രേഖപ്പെടുത്തിയിട്ട് കാലമേറെ കഴിഞ്ഞുവെങ്കിലും പിന്നീടുള്ള ചരിത്രകാരന്മാർ അദ്ദേഹത്തിന്റെ അഭിപ്രായം ആവർത്തിച്ചിട്ടുള്ളതല്ലാതെ ചരിത്രരേഖകളെ ആസ്പദമാക്കി ഗവേഷണം ചെയ്ത് ആയതു തെളിയിക്കുവാൻ ആരും തന്നെ യത്നിച്ചിട്ടില്ല. അമൂല്യങ്ങളായ പല രേഖകളും ഇതിനിടയിൽ ലഭിച്ചിട്ടുള്ളതുകൊണ്ട് അവയെ ഉപജീവിച്ച് മേൽ പറയപ്പെട്ട അഭിപ്രായം സ്ഥാപിക്കുവാനാണ് ഈ ലേഖനത്തിൽ ഉദ്ദേശിക്കുന്നത്.

കൊല്ലവർഷാരംഭം മുതൽ കുലശേഖര പെരുമാൾ എന്ന സ്ഥാനം രണ്ടാം ചേരസാമ്രാജ്യത്തിൽ പെട്ട രാജാക്കന്മാർ ഉപയോഗിച്ചുവന്നു. ക്രിസ്തു 9-ഉം 10-ഉം ശതകങ്ങളിൽ ഉണ്ടായിട്ടുള്ള സാഹിത്യഗ്രന്ഥങ്ങളിലും ശിലാരേഖകളിലും നിന്ന് ഈ സംഗതി മനസ്സിലാക്കാം. കൊല്ലവർഷം 19-ാമാണ്ട് രാജ്യഭാരമാരംഭിച്ച സ്ഥാണുരവിവർമ്മയെ 'കേരളവംശ പ്രദീപേന കുലശേഖരേണ' 'നൃപേന്ദ്രരവീണാ കുലശേഖരേണ' എന്നിങ്ങനെ പല സന്ദർഭങ്ങളിലും ലഘുഭാസ്കരിയ വ്യാഖ്യാനത്തിൽ ശങ്കരനാരായണൻ വർണ്ണിക്കുന്നുണ്ട്. തപതീസംവരണം, സുഭദ്രാധനഞ്ജയം, വിച്ഛിന്നാഭിഷേകം എന്നീ നാടകങ്ങളുടെയും ആശ്ചര്യമഞ്ജരി എന്ന ഗദ്യകാവ്യത്തിന്റെയും കർത്താവായ കേരളചുഡാമണിയും ചേരസിംഹാസനം അലങ്കരിച്ചിരുന്ന കുലശേഖരവർമ്മനായിരുന്നു. യുധിഷ്ഠിരവിജയം തുടങ്ങിയ യമകകാവ്യങ്ങളുടെ കർത്താവായ വാസുദേവൻ സ്ഥാണുരവിയുടെ പുത്രനായ രാമവർമ്മ കുലശേഖരന്റെ സദസ്സിനെയാണ് അലങ്കരിച്ചിരുന്നത്. കുലശേഖരദേവൻ, കുലശേഖരപെരുമാൾ, കുലശേഖര കോയിലധികം തിങ്കൾ, കുലശേഖര ചക്രവർത്തികൾ എന്നിങ്ങനെ പല ശിലാരേഖകളിലും കണ്ടെത്തിയിട്ടുണ്ട്. ആദിചേരന്മാരുടെ പ്രതാപം അസ്തമിച്ചതിനുശേഷം വീണ്ടും ചേരസാമ്രാജ്യം സ്ഥാപിച്ചത് ഒരു കുലശേഖരനായതുകൊണ്ടായിരിക്കാം പിൻഗാമികളായ ചേരരാജാക്കന്മാരെല്ലാം ആ സ്ഥാനം ഉപയോഗിക്കുന്നത്. നാടകകർത്താവായ കുലശേഖരവർമ്മൻ തന്നെയാണ് രണ്ടാം ചേരസാമ്രാജ്യ പ്രതിഷ്ഠാപകനായ ആദി കുലശേഖരനെന്നു വിചാരിക്കുവാൻ ന്യായമുണ്ട്. പെരുമാൾ തിരുമൊഴിയുടെയും മുകുന്ദമാലയുടെയും കർത്താവായ കുലശേഖര ആഴ്വാരും ഇദ്ദേഹം തന്നെ ആയിരിക്കണം. കേരളീയരാൽ അഭിമാനപൂർവ്വം സ്മരിക്കപ്പെടുന്ന പരമ ഭാഗവതനായ ഈ രാജർഷിവര്യന്റെ അഥവാ യതീന്ദ്രന്റെ കാലം കൊല്ലവർഷാരംഭത്തിനു മുൻപാണെന്ന് ഇപ്പോൾ ലഭിച്ചിട്ടുള്ള ചരിത്രരേഖകളെ ആസ്പദമാക്കി അഭിപ്രായപ്പെടാം. എ.ഡി. 767-ലാണ് ആ ദിവ്യാത്മാവിന്റെ ജനനമെന്നും 834 വരെ ജീവിച്ചിരുന്നുവെന്നും ജ്യോതിശാസ്ത്രപരമായ സൂചനകളിൽനിന്ന് സ്വാമിക്കണ്ണുപിള്ള ഗണിച്ചു കണ്ടുപിടിച്ചിട്ടുണ്ട്. എന്നാൽ ജ്യോതിഷപരമായ സൂചനകൾ പിൽക്കാലത്ത്, കൂട്ടിച്ചേർത്തവയായിരിക്കാമെന്നും അതുകൊണ്ട് പൂർണ്ണവിശ്വാസമർഹിക്കുന്നില്ലെന്നും അദ്ദേഹം തന്നെ ചൂണ്ടിക്കാണിച്ചിട്ടുള്ളതു വിസ്മരിക്കാൻ പാടില്ല. ആദി കുലശേഖരന്റെ ഭരണം കൊല്ലവർഷാരംഭത്തിനുമുമ്പ് അവസാനിച്ചുവെന്നും അടുത്ത രാജാവായ രാജശേഖരൻ കൊല്ലം 19-ാമാണ്ടു സ്ഥാണുരവി രാജ്യഭാരമേൽക്കുന്നതുവരെ കേരളം വാണിരുന്നു എന്നും കല്പിക്കുന്നതാണ് ഉത്തമമെന്നു തോന്നുന്നു.

കുലശേഖരന്മാർ ആദി ചേരന്മാരുടെ വംശപരമ്പരയിൽപ്പെട്ടവരായിരുന്നു എന്നാണ് ശങ്കരനാരായണീയത്തിൽനിന്നു മനസ്സിലാകുന്നത്. 'കേരളവംശ പ്രദീപേന' 'കേരളവംശ കേതുരവീണാ' ഇത്യാദി പല സന്ദർഭങ്ങളിലും കുലശേഖരന്മാർ കേരളവംശജരാണെന്നു പറഞ്ഞിട്ടുണ്ട്. നാടകകർത്താവായ കുലശേഖരവർമ്മനും 'കേരള ചൂഡാമണി' യാണ്. ശാസനങ്ങളിലും കേരളകേസരിപ്പെരുമാക്കന്മാരെപ്പറ്റി പറഞ്ഞിട്ടുണ്ട്. ചേരശബ്ദത്തിന്റെ സംസ്കൃതരൂപമായിരിക്കണം കേരളം. അതുകൊണ്ട് കേരളവംശം എന്നതിന് ചേരവംശം എന്നാണ് അർത്ഥം മനസിലാക്കേണ്ടത്. രണ്ടാം ചേരസാമ്രാജ്യം സ്ഥാപിച്ചത് കുലശേഖര ആഴ്വാർ ആയിരുന്നുവെന്നു വിചാരിക്കുവാൻ ന്യായമുള്ളതുകൊണ്ട് കേരളവംശം എന്നതിനു മറ്റൊരു അർത്ഥം കല്പിക്കുവാൻ നിവൃത്തിയില്ല. കുലശേഖര ആഴ്വാർ ചേരവംശജനെന്നു പ്രസിദ്ധവുമാണ്.

കൊല്ലം ഒന്നാംശതകത്തിൽ രാജശേഖരൻ, സ്ഥാണുരവിവർമ്മ, രാമവർമ്മ, കോതരവിവർമ്മ എന്നു നാലു ചേരരാജാക്കന്മാർ മഹോദയപുരം വാണിരുന്നതായി തെളിഞ്ഞിട്ടുണ്ട്. ഇക്കാലത്തും തുടർന്നു രണ്ടാം ശതകത്തിൽ വാണിരുന്ന ഇന്ദുക്കോതവർമ്മ, ഭാസ്കര രവിവർമ്മ എന്നിവരുടെ കാലത്തും കുലശേഖര സാമ്രാജ്യം തെക്കേ ഇന്ത്യയിലെ പ്രബല രാഷ്ട്രങ്ങളിൽ ഒന്നായിരുന്നു. കുലശേഖര സാമ്രാജ്യത്തിന്റെ തെക്കേ അതിർത്തി തിരുവനന്തപുരത്തിനു സമീപമായിരുന്നു. വടക്കേ അതിർത്തി കുപ്തമായി അറിവാൻ നിവൃത്തിയില്ല. മലബാറിന്റെ മിക്കവാറും ഭാഗവും സേലം കോയമ്പത്തൂർ ജില്ലകളിലെ ഏതാനും ഭാഗവും ഉൾപ്പെട്ടിരുന്നതായി തോന്നുന്നു. മൂഷികവംശ രാജാക്കന്മാരാൽ ഭരിക്കപ്പെട്ടുവന്ന കോലം ഇക്കാലത്തു ചേരസാമ്രാജ്യത്തിന്റെ ഒരു ഘടകമായിരുന്നുവോ എന്നു സംശയമാണ്. വയനാടു താലൂക്കും മറ്റും ഉൾപ്പെട്ട പുറൈക്കിഴാനാട് (വടക്കൻ കോട്ടയം) രണ്ടാം ശതകത്തിന്റെ ഉത്തരാർദ്ധത്തിലെങ്കിലും ചേരസാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്നുവെന്നുള്ളതിൽ സംശയമില്ല.

ഒന്നാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിൽ പരാന്തക ചോളൻ രാജസിംഹനെ തോല്പിച്ച് നാഞ്ചിനാട് ഉൾപ്പെടെയുള്ള പാണ്ഡ്യരാജ്യം മുഴുവൻ കൈവശപ്പെടുത്തി. ആ കാലം വരെ പാണ്ഡ്യരാജാക്കന്മാരുടെയും പിന്നീട് പരാന്തകചോളന്റെയും ശാസനങ്ങൾ നാഞ്ചിനാടിൽ കാണുന്നതുകൊണ്ടു തന്നെ ഈ സംഗതി സ്പഷ്ടമാണ്. നാഞ്ചിനാടു മുതൽ തിരുവനന്തപുരം വരെയുള്ള ദേശങ്ങൾ വാണിരുന്ന ആയ് രാജാ



# നാടാർ പാരമ്പര്യ പഴഞ്ചൊല്ലുകൾ



വിവർത്തനം
**സി. സ്വയംഭു**

സമ്പാദക
**എം. സെബാസ്റ്റിനാൾ മാസ്റ്റർലി**

1. **ഊമൈ ഊരൈ കെടുക്കും, ആമ കിണറ്റൈ കെടുക്കും**
2. **ഊമൈ ഊരൈ കെടുക്കും, എരുമൈ പോരൈ കെടുക്കും**
3. **ഊമൈ ഊരൈ കെടുക്കും, പെറുച്ചാളി വീട്ടൈ കെടുക്കും**
4. **ഊമൈ പോലിരുന്തുകൊണ്ട്<br>എരുമൈ പോൽ ചാണാങ്കി പോടുവാൻ**
5. **ഊറാൺ പിള്ളയയൈ ഊട്ടിവളത്താൽ<br>തൻ പിളൈള താനെ വളരും**
6. **ഊറാൻ വിളയിലെ ഉനക്കെന്ന വേലൈ**
7. **ഊരില്ലവ ത്രാസും പടിയും**
8. **ഊരിക്ക് ഉപതേശം ഊരിലുള്ള പെൺകളോട് തേശം**
9. **ഊരിക്ക് എളിയവൻ പിള്ളയാർകോവിൽ ആണ്ടി**
10. **ഊരിക്ക് എളിയവൻ വണ്ണാനും നാവികനും**
11. **ഉരുക്കെല്ലാം ഉപതേശം ചൊല്ലുമാം പല്ലി<br>കഴനിപ്പാനയിൽ വിഴുമാം തുള്ളി**
12. **ഊരുക്കൊരു തുലുക്കനും വിളൈയ്ക്കൊരു കൊല്ലാവും ശരി.**
13. **ഊരെല്ലാം സ്വന്തമാനാലും നരിക്ക് പകലിലെ നടക്ക വളിയില്ലൈ**
14. **ഊരെങ്കും പേർ; വീട് പട്ടിണി**
15. **ഊരോട് ഒത്ത് ഓട്**

ക്കന്മാരെ 101-ലെ വരഗുണന്റെ പാലിയം ശാസനത്തിനുശേഷം തെക്കൻ തിരുവിതാംകൂറിൽ കാണുന്നില്ല. അവരുടെ ഭരണം അവസാനിച്ചതോടുകൂടി ചേരരാജ്യത്തിന്റെ അതിർത്തി തിരുവനന്തപുരത്തിനു അല്പം തെക്കുവരെ എത്തി. ആയ് വംശക്കാരുടെ കുലപുരി ആയിരുന്ന വിഴിഞ്ഞവും അവരുടെ ശാലകൾക്കെല്ലാം മാതൃക സ്ഥാനം വഹിച്ചിരുന്ന കാന്തളൂർ ശാലയും രണ്ടാം ശതകത്തിൽ ചേരസാമ്രാജ്യത്തിൽ ലയിക്കുന്നതായും തെക്കൻ തിരുവിതാംകൂറിൽ ഏതാനും ഭാഗം ഭരിക്കുന്നതിനായി കുലശേഖര ചക്രവർത്തിമാർ ചില നാടുവാഴികളെ നിയമിക്കുന്നതായും ശാസനങ്ങളിൽ നിന്നു മനസ്സിലാക്കാം. പാണ്ഡ്യരാജാവായ രാജസിംഹനും പരാന്തകചോളനും ചേരരാജാക്കന്മാരുടെ ബന്ധുക്കളായിരുന്നു. അതുകൊണ്ട് അവർ തമ്മിലുള്ള യുദ്ധത്തിൽ അന്നു തെക്കേ ഇന്ത്യയിൽ ഏറ്റവും പ്രാബല്യത്തിൽ വർത്തിച്ചിരുന്ന കുലശേഖരന്മാർ ഇടപെടണമെന്നു വിചാരിച്ചില്ല. രാജ്യം നഷ്ടപ്പെട്ട രാജസിംഹൻ മാതൃരാജ്യമായ കേരളത്തിൽ വരാതെ ആദ്യം സിംഹളദേശത്തേക്കാണു പോയത്. 'ഈഴത്തരചനിൽ' നിന്നു പറയത്തക്ക സഹായമൊന്നും ലഭിക്കുവാൻ ഇടയില്ലെന്നു പൂർണ്ണ ബോദ്ധ്യം വന്നതിൽ പിന്നീടു മാത്രമേ കേരളത്തിലേക്കു വന്നുള്ളൂ. അതിനിടയിൽ കോതരവിവർമ്മ മരിക്കുകയും ഇന്ദുക്കോതവർമ്മ ചേരരാജ്യാധിപത്യം കയ്യേൽക്കുകയും ചെയ്തു. അക്കാലത്തോടുകൂടി പരാന്തകചോളനും കുലശേഖരപ്പെരുമാളും തമ്മിലുള്ള മൈത്രിക്കു കുറവു വന്നതായിട്ടാണു വിചാരിക്കേണ്ടത്. ചേരസാമ്രാജ്യം തെക്കൻ തിരുവിതാംകൂറിലേക്കു വ്യാപിച്ചത് പരാന്തകചോളനു ഹിതകരമായ ഒരു സംഗതി ആയിരുന്നില്ല. അതുപോലെതന്നെ ചോളർ നാഞ്ചിനാടിനു വടക്ക് പ്രവേശിക്കുന്നതു കുലശേഖരപ്പെരുമാളും ഇഷ്ടപ്പെട്ടിരിക്കാൻ ഇടയില്ല. ആയ് രാജ്യം കേരളത്തിന്റെ ഒരംശം എന്ന നിലയിൽ തന്നെയാണ് ഗണിക്കപ്പെട്ടിരുന്നത്. മലനാട് എന്ന വിഭാഗത്തിൽ നാഞ്ചിനാടു വരെയുള്ള 2 പ്രദേശങ്ങൾ ഉൾപ്പെട്ടിരുന്നതായി രേഖകൾ കൊണ്ടു തെളിയുന്നുണ്ട്. വർദ്ധിച്ചു വന്ന ചോളശക്തിയെ വേണ്ടിവന്നാൽ തടയുന്നതിനായി കാന്തളൂരും വിഴിഞ്ഞവും കുലശേഖരന്മാർ സൈന്യസങ്കേതങ്ങളാക്കിത്തീർത്തു. ഒന്നാം ശതകത്തിൽ ആയ് രാജാക്കന്മാരുടെ പ്രധാനപ്പെട്ട വിദ്യാപീഠം സ്ഥിതി ചെയ്തിരുന്ന കാന്തളൂർ രണ്ടും മൂന്നും ശതകങ്ങളിൽ കേരളത്തിലെ പ്രധാന സൈന്യസങ്കേതങ്ങളിൽ ഒന്നായി രൂപാന്തരപ്പെടുന്നതിനും ചോളർ 27 പ്രാവശ്യം കാന്തളൂർ ശാലയിൽ കലമറുക്കുന്നതിനും ഇടയാകുന്നത് ഇങ്ങനെയാണ്.

കുലശേഖരപ്പെരുമാക്കന്മാർ ആയ് രാജവംശത്തിനും പാണ്ഡ്യരാജവംശത്തിനും അഭയം നൽകി എന്നുമാത്രമല്ല പാണ്ഡ്യ ഗവൺമെന്റും ഈ കാലത്തു കേരളത്തിലാണു പ്രവർത്തനം നടത്തിയിരുന്നത്. രാഷ്ട്രകൂട രാജാവായ കൃഷ്ണനുമായുള്ള യുദ്ധാനന്തരം ചോളശക്തി ക്ഷയിച്ചപ്പോൾ 124നു ശേഷം കുലശേഖരന്മാരുടെ സഹായത്തോടുകൂടി 'ചോളൻ തലൈകൊണ്ട വീരപാണ്ഡ്യൻ' നാഞ്ചിനാടു പ്രദേശങ്ങളും തിരുനെൽവേലി ഭാഗങ്ങളും വീണ്ടെടുത്തു. പക്ഷേ പാണ്ഡ്യരുടെ ആ വിജയം ശാശ്വതമായിരുന്നില്ല. പ്രതാപശാലിയായ രാജരാജൻ 160-ൽ ചോളരാജാവാകുന്നതുവരെ പാണ്ഡ്യരും ചോളരും തമ്മിൽ പല യുദ്ധങ്ങളും നടക്കുന്നുണ്ട്. ജയപരാജയങ്ങൾ അനിശ്ചിതമായി തുടരുന്നതേ ഉള്ളൂ. പാണ്ഡ്യർക്കു ചേരരാജാക്കന്മാരുടെ സഹായം ഉണ്ടായിരുന്നുവെന്നു വിചാരിക്കുവാൻ ന്യായമുണ്ടെങ്കിലും ചേരചോളരാജ്യങ്ങൾ തമ്മിൽ പ്രത്യക്ഷമായി യുദ്ധത്തിൽ ഏർപ്പെടുന്നില്ല. രാജരാജൻ പാണ്ഡ്യരേയും സിംഹളരേയും എന്നപോലെ ചേരരേയും നിശ്ശേഷം കീഴടക്കുവാൻ ആശിച്ചു. രാജ്യഭാരം ഏറ്റ് 4 വർഷത്തിനകം പാണ്ഡ്യരാജ്യം കൈവശപ്പെടുത്തുകയും വിഴിഞ്ഞത്തെത്തി ചേരസേനയുമായി ഒരു യുദ്ധം നടത്തുകയും ചെയ്തു. ഒന്നു രണ്ടു വർഷത്തിനകം കാന്തള്ളൂരും ആക്രമിക്കുന്നുണ്ട്. ആ യുദ്ധങ്ങളിൽ ചോളർ ജയിച്ചു എന്നു തോന്നുന്നില്ല. അടുത്ത 10 വർഷക്കാലം രാജരാജൻ ചേരസൈന്യവുമായി വലിയ ഒരു യുദ്ധം നടത്തുന്നതിനു വേണ്ട ഒരുക്കങ്ങൾ ചെയ്യുന്നതായിട്ടാണു കാണുന്നത്. അതിനിടയിൽ ചേരപക്ഷത്തു ചേരുവാൻ ഇടയുള്ള സിംഹളവും ആക്രമിച്ചു കീഴടക്കി. 1000-ൽ പരം വർഷം സിംഹള രാജധാനി ആയി ശോഭിച്ച അനുരാധപുരം നശിപ്പിക്കുകയും ചെയ്തു. ഇത്രയുമെല്ലാം മുൻകരുതലുകൾക്കുശേഷം 175-ൽ വമ്പിച്ച സേനാസന്നാഹങ്ങളോടുകൂടി രാജരാജൻ ചോള സൈന്യവുമായി യുദ്ധത്തിൽ ഏർപ്പെട്ടു. വലിയ കോട്ടകളാൽ സംരക്ഷിക്കപ്പെട്ട വിഴിഞ്ഞവും കാന്തള്ളൂരുമായിരുന്നു ഈ യുദ്ധത്തിലെ പ്രധാന ലക്ഷ്യങ്ങൾ. സിലോണിൽനിന്നു നാവികസേനയും പടിഞ്ഞാറേ തീരത്തെത്തി. യുദ്ധത്തിൽ ചേരസൈന്യം തോറ്റു. രാജരാജന്റെ 15-ാമത്തെ ഭരണവർഷം ലോകത്തുള്ള എല്ലാ ആണ്ടുകളും തൊഴുതു ആരാധിക്കേണ്ട ഒന്നാണെന്നു ചോളശാസനങ്ങളിൽ പറയുന്നുണ്ട്. പ്രതാപശാലികളായ കുലശേഖരന്മാരെ ആദ്യമായി ഒരു യുദ്ധത്തിൽ തോൽപിക്കാൻ കഴിഞ്ഞതാണ് ഇതിനു കാരണമെന്നു ഊഹിക്കാം.

*(തുടരും....)*

# ചാഞ്ഞാംമൂട് മുതൽ കുമ്പളത്ത് കാവ് വരെ



കെ.കെ. പൊന്നപ്പൻ

ഏതു യോഗിമാർക്കും അവരുടെ ആത്മാവ്, ജഡവസ്തുവായ ശരീരം വിട്ട് ബ്രഹ്മത്തിൽ വിലയം പ്രാപിക്കാൻ കാലമാവുമ്പോഴേക്കും അതിന്റെ സൂചനയായോ കാരണമായോ ഏതെങ്കിലും മാറാരോഗം പിടിപെടും. മഹായോഗിയായ ചട്ടമ്പിസ്വാമികളെ ബാധിച്ചത് ആമാതിസാരമായിരുന്നു. തിരുവനന്തപുരത്ത് വഞ്ചിയൂരിൽ ചട്ടമ്പിസ്വാമികളുടെ ഒരു വലിയ ഭക്തന്റെ 'ചാഞ്ഞാംമൂട്' എന്ന ഭവനത്തിൽ സുഖമായി പാർത്തുവരുന്ന സമയത്താണ് ഈ രോഗം ഉണ്ടായത്. സർവ്വസംഗപരിത്യാഗിയായ ചട്ടമ്പിസ്വാമികൾ അന്തിയുറങ്ങാൻ പോലും സ്വന്തമായി ഒരിടം ഉണ്ടാക്കിയിരുന്നില്ല. ലോകം മുഴുവൻ തന്റെ തറവാടായി കണ്ട് സ്വാമികൾ ജീവിതകാലം മുഴുവൻ താമസിക്കുകയും അന്തിയുറങ്ങുകയും ചെയ്തിരുന്നത് തന്റെ ഉത്തമഭക്തരുടെ ഭവനങ്ങളിലായിരുന്നു. ചാഞ്ഞാംമൂട് ഭവനത്തിലെ ഗൃഹനാഥനായ റയിഞ്ചർ വെമ്പായം വേലുപ്പിള്ളയെപ്പോലെ ധാരാളം ഗൃഹസ്ഥശിഷ്യൻമാർ കേരളത്തിലുടനീളമുണ്ടായിരുന്നു. അവരുടെയെല്ലാം വീടുകളിൽ ചട്ടമ്പിസ്വാമികൾ മാറി മാറി താമസിച്ചുവന്നു. എന്നാൽ ശ്വാനനെയും ഉറുമ്പിനെയും പാമ്പിനെയും കാരുണ്യത്തോടെ സഹവസിപ്പിച്ച സർവ്വഭൂത സ്നേഹിയും പ്രപഞ്ചമാകെ ഒറ്റ മനസ്സാണെന്നു പറഞ്ഞ മഹാനും അഹിംസാവാദിയും ജീവകാരുണ്യ നിരൂപകനും പ്രശസ്തകൃതിയുടെ കർത്താവുമായ (ഈ കൃതിയുടെ പേരിലാണ് നാം ഇന്ന് അദ്ദേഹത്തിന്റെ ജന്മദിനം ജീവകാരുണ്യദിനമായി ആചരിക്കുന്നത്) ആ മഹാസന്ന്യാസി മത്സ്യമാംസാദികൾ പാകം ചെയ്യുന്ന വീടുകളിൽ പാർക്കാൻ കൂട്ടാക്കിയിരുന്നില്ല.



ചട്ടമ്പിസ്വാമികൾക്ക് സാരമായ രോഗം പിടിപെട്ടുവെന്നറിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ഭക്തന്മാരായ അലോപ്പതി ഡോക്ടർമാരും ആയുർവേദ ഡോക്ടർമാരും സാധാരണക്കാരായ ഭക്തന്മാരും അദ്ദേഹത്തെ ചികിത്സിക്കാനും ശുശ്രൂഷിക്കാനും ചാഞ്ഞാംമൂട് ഓടിയെത്തി. ഈ ലോകവാസം അവസാനിപ്പിക്കാറായെന്നറിയാമായിരുന്ന മഹാജ്ഞാനിയായ ചട്ടമ്പിസ്വാമികൾ, തന്നെ പിടികൂടിയ രോഗത്തെ ഓർത്ത് യാതൊരു വേവലാതിയും പ്രകടിപ്പിച്ചില്ല. "എന്തിനാണ് മരുന്ന്? രോഗത്തെ തടയണ്ട. ശരീരം അതിന്റെ കർമബന്ധങ്ങളെല്ലാം അനുഭവിച്ചു തീർക്കട്ടെ. അതിനുവേണ്ടി വീണ്ടും വരാൻ വയ്യ" എന്ന നിസംഗമായ നിലപാടായിരുന്നു സ്വാമികളുടേത്. ഈ ശരീരം ഉപേക്ഷിക്കാനുള്ള സമയം ആസന്നമായെന്ന് സ്വാമിതൃപ്പാദങ്ങൾ ഒരു ദിവസം ആവരോടു പറയുകയും ചെയ്തു. എങ്കിലും തന്റെ വത്സലശിഷ്യന്മാരെ നിരാശപ്പെടുത്താതിരിക്കാൻവേണ്ടി അവർ ഭക്ത്യാദരപൂർവ്വം നൽകിയ മരുന്നുകൾ അദ്ദേഹം സ്നേഹത്തോടെ സ്വീകരിക്കുകയും ചെയ്തു.

"കാരണവരേ! കിഴവൻ ചാവാൻ നേരം അതിലേ വരും" എന്ന് ഒരിക്കൽ തന്റെ ഏറ്റവും ഇഷ്ട ഗൃഹസ്ഥശിഷ്യനായ കുമ്പളത്തു ശങ്കുപിള്ളയ്ക്കു കൊടുത്ത വാക്ക് ഓർത്തുകൊണ്ട് തന്നെ പന്മന കൊണ്ടുപോകുവാനായി ചട്ടമ്പിസ്വാമികൾ കുമ്പളത്തിന് ഒരു കത്തയച്ചു. ഇതറിഞ്ഞ് അദ്ദേഹത്തെ ചികിത്സിച്ചുകൊണ്ടിരുന്ന ഡോക്ടർമാരും മറ്റു ഭക്തന്മാരും ഈ രോഗാവസ്ഥയിൽ തിരുവനന്തപുരം വിട്ടു പോകരുതെന്ന് അഭ്യർത്ഥിച്ചെങ്കിലും തന്റെ സമാധി കുമ്പളത്തിന്റെ മണ്ണിൽ ആയിരിക്കണമെന്ന് നേരത്തെ തീരുമാനിച്ചുറപ്പിച്ചതുകൊണ്ട് ആ അഭ്യർത്ഥന സ്നേഹപൂർവ്വം നിരസിക്കുകയാണുണ്ടായത്.

സ്വാമികളുടെ കത്ത് കിട്ടേണ്ട താമസം, കുമ്പളം ഉടൻ ചാഞ്ഞാംമൂട് വീട്ടിലെത്തി. തിരുവടികളെ പന്മനയ്ക്കു കൊണ്ടുപോകാൻ നല്ലൊരു കെട്ടുവള്ളം ചാക്കയിലെ വള്ളക്കടവിൽ ഒരുക്കി നിർത്തി. സ്വാമികളെ കണ്ട് വന്ദിക്കാനും യാത്രയാക്കാനുമായി തിരുവനന്തപുരത്തെ സ്വാമി ഭക്തന്മാർ മുഴുവൻ വള്ളക്കടവിൽ തടിച്ചുകൂടി. അവരെയെല്ലാം കരുണാകടാക്ഷം കൊണ്ടു തലോടിയ ശേഷം അദ്ദേഹം വള്ളത്തിൽ കയറിയിരുന്നു. പക്ഷേ കുറേ സമയമായിട്ടും വള്ളം വിടാനുള്ള അനുവാദം സ്വാമികൾ നൽകിയില്ല. ഇത് എന്തുകൊണ്ടാണെന്ന് ആർക്കും അറിയില്ലായിരുന്നു. തന്നെ കാണാൻ ഒരു ഭക്ത വരുന്നുണ്ടെന്ന് സ്വാമിയുടെ അന്തർനേത്രത്തിൽ കാണാമായിരുന്നു. ഇത് മറ്റാർക്കും ഗ്രഹിക്കാൻ കഴിഞ്ഞിരുന്നില്ല. ഒടുവിൽ ആ ഭക്ത ഓടിക്കിതച്ചെത്തി. തൈക്കാട് അയ്യാഗുരുവിന്റെ ബന്ധുവും ശിഷ്യയും കുളത്തൂർ സ്വയം പ്രകാശാശ്രമത്തിന്റെ സ്ഥാപകയുമായ സ്വയം പ്രകാശയോഗി അമ്മയായിരുന്നു അവർ. ആ ഭക്ത സ്വാമികളുടെ കാൽ തൊട്ടു വന്ദിച്ചു. "യാത്രയാണ്.." സ്വാമികൾ അവരെനോക്കി പതുക്കെ പറഞ്ഞു. അതുകേട്ട് ആ പരമഭക്ത കണ്ണീരണിഞ്ഞു. ഇനി തന്റെ ഗുരുവിനെ കാണാൻ കഴിയില്ലെന്ന് അവർക്ക് മനസ്സിലായി. മറ്റാർക്കും സ്വാമികൾ പറഞ്ഞതിന്റെ ലക്ഷ്യാർത്ഥം മനസ്സിലായില്ല. യോഗിമാരുടെ വാക്കുകളും പ്രവചനങ്ങളും ലൗകികന്മാർക്ക് എളുപ്പം പിടികിട്ടില്ല. പ്രവചനം യാഥാർത്ഥ്യമായതിന് ശേഷമേ ആ വാക്കുകളുടെ പൊരുൾ മനസ്സിലാകുകയുള്ളൂ. തന്റെ ഭക്തയോട് യാത്ര പറഞ്ഞശേഷം വള്ളം മുമ്പോട്ടു നീക്കാൻ അദ്ദേഹം അനു

മതി നൽകി. വള്ളം കൊല്ലം പ്രാക്കുളത്തെ വള്ളക്കടവി ലെത്തിയപ്പോൾ കുമ്പളത്തിന് ഒരാഗ്രഹം. സ്വാമികളെ കുറച്ചുദിവസം തന്റെ മൂലകുടുംബമായ പ്രാക്കുളത്തെ അഷ്ടമുടിക്കായൽ കണ്ണാടി നോക്കി നിൽക്കുന്ന തോട്ടുവയൽ ബംഗ്ലാവിൽ പാർപ്പിക്കണമെന്ന്. സ്വാമികൾ സമ്മതിച്ചു. ഇരുനിലയുള്ള ആ വലിയ ബംഗ്ലാവിന്റെ മുകൾനിലയിൽ മദ്ധ്യഭാഗത്തെ വിശാലമായ തളത്തിലാണ് സ്വാമികൾക്ക് താമസം ഒരുക്കിയത്. ചട്ടമ്പിസ്വാമികൾ അവിടെ താമസിക്കുന്നുണ്ടെന്നറിഞ്ഞ് പ്രാക്കുളം വേളിക്കാട് ക്ഷേത്രത്തിൽ വിശ്രമിക്കുകയായിരുന്ന ശ്രീനാരായണഗുരു സ്വാമികളെ കാണാനെത്തി. അവർ പരസ്പരം വിശേഷങ്ങൾ ചോദിച്ച അവസരത്തിൽ ഏതാനും മാസങ്ങൾക്കുമുമ്പ് അകാലമൃത്യുവിനിരയായ മഹാകവി കുമാരനാശാന്റെ (മരണം 1924 ജനുവരി 16) 'കരുണ' മുഴുവൻ ചട്ടമ്പിസ്വാമികളുടെ ശിഷ്യനും പണ്ഡിതനും ആട്ടക്കഥാകൃത്തുമായ മരുതൂർ കുളങ്ങര പന്നിശ്ശേരി നാണുപിള്ളയെ (പരമാനന്ദ തീർത്ഥപാദർ) കൊണ്ട് ചൊല്ലിച്ച് ആസ്വദിച്ചു. കൂടാതെ അവിടെ കൂടിയ ഭക്തന്മാരുടെ നിർബന്ധപ്രകാരം തോട്ടുവയൽ തറവാട്ടിലെ കുട്ടികൾ ഉൾപ്പെടെയുള്ള എല്ലാ അംഗങ്ങളും പരിചാരകരും ഭക്തന്മാരും ചേർന്ന് ഒരു ഗ്രൂപ്പ് ഫോട്ടോ എടുക്കുകയും ചെയ്തു. അതിൽ മധ്യഭാഗത്തായി ചട്ടമ്പിസ്വാമികളും അദ്ദേഹത്തിന്റെ ഇരുവശങ്ങളിലുമായി ശ്രീനാരായണഗുരുവും ചട്ടമ്പിസ്വാമി ശിഷ്യനായ തീർത്ഥപാദ പരമഹംസരുമിരിക്കുന്നു. അന്ന് സ്വാമികളുടെ മുഖ്യശിഷ്യനായ നീലകണ്ഠ തീർത്ഥപാദർ ജീവിച്ചിരിപ്പില്ല. ഈ മൂന്നുപേരും ഒരുമിച്ചിരിക്കുന്ന ഫോട്ടോയാണ് ഇന്ന് പ്രചാരത്തിലുള്ളത്. ഇത് ചട്ടമ്പിസ്വാമികൾ സമാധിയാകുന്നതിന് 40 ദിവസം മുമ്പ് എടുത്ത ചിത്രമാണ്. പ്രശസ്തി ആഗ്രഹിക്കാത്ത സ്വാമികൾ വളരെ കുറച്ചു ഫോട്ടോകൾക്കേ അനുവാദം നൽകിയിരുന്നുള്ളൂ. ഒരു ഭക്തൻ എടുത്ത സ്വാമിയുടെ സമാധി ചിത്രം വളരെ കുറച്ചുപേരുടെ ശേഖരത്തിലുണ്ട്.

ഏതാനും ദിവസത്തെ വാസത്തിനുശേഷം പ്രാക്കുളത്തുനിന്നും സ്വാമികൾ പന്മനയിലെ കുമ്പളത്തിന്റെ വീട്ടിലേക്കു പുറപ്പെട്ടു. അതും വള്ളത്തിലായിരുന്നു യാത്ര. ഇടപ്പള്ളി കോട്ടയ്ക്കു കിഴക്കുവശമാണ് കുമ്പളത്തിന്റെ വീട്. അതിനടുത്ത വള്ളക്കാവ് ഇടപ്പള്ളികോട്ടയ്ക്ക് പടിഞ്ഞാറുവശത്ത് ഉപ്പുകുന്ന് വള്ളക്കടവിൽ സ്വാമികളുടെ വരവും പ്രതീക്ഷിച്ച് കുമ്പളത്തു ശങ്കുപ്പിള്ളയും സുഹൃത്തുക്കളും രാത്രി ഒൻപതു മണി മുതൽ വെളുപ്പിന് 4 മണി വരെ കാത്തിരുന്നു. സ്വാമികൾ എത്തിയത് നേരം പുലർന്നിട്ടാണ്. പിന്നെ എത്രയും വേഗം സ്വാമികളെ താമസസ്ഥലത്തെത്തിക്കാനുള്ള തത്രപ്പാടായി. സ്വാമിക്ക് വെയിൽ സഹിക്കാൻ കഴിയില്ല. ശങ്കരമംഗലത്തുകാരുടെ മഞ്ചലിലാണ് സ്വാമികളെ വള്ളക്കടവിൽനിന്നും ആനയിച്ചുകൊണ്ടുവന്നത്. അദ്ദേഹത്തിന് പന്മന ഹൈസ്കൂൾ അങ്കണത്തിലുള്ള വേദാന്തിയും സാമൂഹ്യസ്നേഹിയുമായ കുമ്പളത്തിന്റെ അമ്മാവൻ സി. പത്മനാഭപിള്ളയുടെ ഓർമ്മക്കായി പണിതിരുന്ന സി.പി.പി. സ്മാരകഗ്രന്ഥശാലയിലാണ് താമസമൊരുക്കിയത്. മുറ്റത്ത് ഭക്തന്മാർക്ക് ഇരിക്കാൻ പന്തൽ കെട്ടി വെള്ള വിരിച്ചു. അവിടുത്തെ താമസം സ്വാമികൾക്ക് വളരെ ഇഷ്ടപ്പെട്ടു. പരിചരിക്കാൻ സ്വാമികളുടെ സന്തതസഹചാരിയായ പത്മനാഭപണിക്കരും കുമ്പളത്തിന്റെ ആശ്രിതരും സുഹൃത്തുക്കളും സദാ സന്നദ്ധരായിരുന്നു. ഒരു മഹായോഗി പന്മനയിൽ വന്നിട്ടുണ്ടെന്നറിഞ്ഞ് അദ്ദേഹത്തെ ഒരു നോക്കു കാണുവാനായി നാടിന്റെ നാനാഭാഗത്തുനിന്നും ഭക്തന്മാർ നിത്യവും എത്തിക്കൊണ്ടിരുന്നു. രോഗക്ലേശത്തിനിടയിലും അവരെയെല്ലാം കാരുണ്യത്തോടെ കടാക്ഷിക്കാൻ ആ മഹാപ്രഭു ഉത്സാഹം കാണിച്ചു. ഇതിനിടയിൽ സ്വാമിയെ വിദഗ്ധ ചികിത്സക്കായി കൊല്ലത്തേക്കു കൊണ്ടുപോകാൻ സന്നദ്ധത പ്രകടിപ്പിച്ചുകൊണ്ടു ചില ഭക്തന്മാർ മുന്നോട്ടുവന്നു. അക്കൂട്ടത്തിൽ മഹാവൈദ്യനും പണ്ഡിതനും കൊല്ലം മുനിസിപ്പാലിറ്റി അംഗവുമായ ഒ.എൻ.കൃഷ്ണക്കുറുപ്പും (മലയാളത്തിന്റെ പ്രിയകവി ഒ.എൻ.വിയുടെ പിതാവ്) ഉണ്ടായിരുന്നു. പക്ഷേ ഈ അവസാനകാലത്ത് കുമ്പളത്തിന്റെ മണ്ണുവിട്ട് എങ്ങുംപോകാൻ സ്വാമികൾ തയ്യാറായിരുന്നില്ല.

എന്നാൽ തന്റെ അഭ്യുദയകാംക്ഷികളെ തൽക്കാലം നിരാശപ്പെടുത്തേണ്ടെന്ന് സ്വാമികൾ ഇപ്രകാരമാണ് പറഞ്ഞത്. "മേടം ഇരുപത്തിമൂന്ന് കഴിഞ്ഞോട്ടെ, തെക്കോട്ടു വന്നേക്കാം". ആ ഭക്തന്മാർ അതു വിശ്വസിച്ചു. പക്ഷേ ആ മഹാജ്ഞാനി പറഞ്ഞതിന്റെ പൊരുൾ ആർക്കും മനസ്സിലായില്ല.

1099 മേടം 22-ാം തീയതിയിലെ സൂര്യനും അസ്തമിച്ചു. പിറ്റേദിവസം (മേടം 23, ക്രി.വ. 1934 മെയ് 5) പതിവിൽ കവിഞ്ഞ ഏറെ പ്രത്യേകതയുണ്ടായിരുന്നു. ആ മഹായോഗിയുടെ ദിവ്യസമാധിക്ക് സാക്ഷ്യം വഹിക്കാൻ പോന്ന ദിനമായിരുന്നു അത്. അന്ന് കുമ്പളത്തിനോട് ഇങ്ങനെ പറഞ്ഞു. "കാരണവർ ഇന്ന് എങ്ങും പോകരുത്. നാലു മണി കഴിഞ്ഞോട്ടെ." ചിലർക്കൊക്കെ ആളയക്കണമെന്നും സ്വാമികൾ പറഞ്ഞു.

ഉച്ചകഴിഞ്ഞു സ്വാമികൾ ഉന്മേഷവാനായി കാണപ്പെട്ടു. അന്ന് പതിവിലധികം ഭക്തന്മാർ സ്വാമി ദർശനത്തിനെത്തിയിരുന്നു. സ്വാമികളുടെ പല പഴയ പരിചയക്കാരും അക്കൂട്ടത്തിലുണ്ടായിരുന്നു. അന്നുച്ചയ്ക്ക് സർവ്വകലാവല്ലഭനും ഗഞ്ചിറ വിദഗ്ധനുമായ ഒരു ഗഞ്ചിറ വായനക്കാരനെക്കൊണ്ട് ഗഞ്ചിറ വായിച്ച് കേട്ട് ആഹ്ലാദചിത്തനായി. എല്ലാവരും പൊയ്ക്കഴിഞ്ഞു. മണി മൂന്നടിച്ച് ഘടികാരശബ്ദം നിലച്ചു. എവിടെയും നിശബ്ദത പരന്നു. "എനിക്ക് എഴുന്നേറ്റിരിക്കണം" സ്വാമികൾ പറഞ്ഞു. പത്മനാഭപണിക്കർ ഭക്ത്യാദരപൂർവ്വം സ്വാമികളെ എഴുന്നേൽപ്പിച്ചിരുത്തി. സ്വാമികൾ സ്വയം പത്മാസനത്തിലിരുന്നു. ദൃഷ്ടികൾ മേലോട്ടുയർത്തി.

"മതി, എല്ലാം ശരിയായി". ഈ ലോകവാസം ശരിയായി നിർവഹിച്ചുവെന്നും എല്ലാം മതിയായി പോകുകയാണെന്നുമായിരുന്നു ആ മഹായോഗിയുടെ അവസാനവാക്കുകൾ. അതായിരുന്നു ആ ദിവ്യസമാധിയുടെ അവസാനനിമിഷങ്ങൾ.

ചട്ടമ്പിസ്വാമികൾ സമാധിയായെന്നറിഞ്ഞ് ശ്രീനാരായണഗുരു ശിവഗിരിയിൽ അന്ന് നിരാഹാരം അനുഷ്ഠിക്കുകയും വിശേഷാൽ പൂജ നടത്തുകയും ചെയ്തു. സമാധി വാർത്ത ശ്രവിച്ച വേളയിൽ ശ്രീനാരായണഗുരുവിന്റെ മനസ്സിലുദിച്ച സ്മരണാഞ്ജലിയാണ്, ചട്ടമ്പിസ്വാമികളുടെ പൂർണസ്വത്വം വെളിവാക്കുന്ന 'സർവജ്ഞഃഋഷിരുൽക്രാന്തഃ' എന്നാരംഭിക്കുന്ന പ്രസിദ്ധമായ ശ്ലോകങ്ങൾ.

പിറ്റേന്ന് സ്വാമികളുടെ വത്സലശിഷ്യനായ കുമ്പളത്തു ശങ്കുപ്പിള്ളയുടെ നേതൃത്വത്തിൽ പണ്ട് സ്വാമികൾ ചൂണ്ടിക്കാട്ടിയ അതേ സ്ഥാനത്ത്, കുമ്പളത്തുകാവിൽ ആചാരപ്രകാരം സ്വാമികളെ സമാധിയിരുത്തി. പിറ്റേ വർഷം സമാധിക്കു മുന്നിൽ ശിവലിംഗം പ്രതിഷ്ഠ നടത്തി. ശ്രീകോവിലും പരമഭട്ടാരക എന്ന ആശ്രമവും കുമ്പളം പണിയിച്ചു. സ്വാമികൾ സമാധിയായ വായനശാല മുതൽ സ്വാമികളുടെ ഭൗതികശരീരം ഒരു ചപ്രത്തിലിരുത്തി മംഗളവാദ്യങ്ങളുടെയും നൂറുകണക്കിന് ഭക്തജനങ്ങളുടെയും അകമ്പടിയോടെയും വിലാപയാത്രയായാണ് കുമ്പളത്തുകാവിൽ എത്തിച്ചത്. വിലാപയാത്ര കടന്നുപോന്ന വഴിയുടെ ഇരുവശത്തും വീട്ടമ്മമാർ ഉൾപ്പെടെയുള്ള നാട്ടുകാർ കണ്ണീരണിഞ്ഞു നിന്നു.

ഒരു ദശവർഷം കഴിഞ്ഞ് 1934 ൽ മഹാത്മാഗാന്ധി കേരളം സന്ദർശിച്ച വേളയിൽ ഈ ആശ്രമത്തിൽ വരികയും രണ്ടുദിവസം അവിടെ താമസിക്കുകയും സമാധി കോവിലിൽ പ്രാർത്ഥിക്കുകയും ചെയ്തു. ആശ്രമമന്ദിരത്തിന്റെ ഒരു ഭാഗത്തെ മുറിയിൽ സ്വാമിയുടെ പ്രതിമയും ഊന്നുവടിയും മെതിയടിയും ഗഞ്ചിറയും സ്മാരകമായി സൂക്ഷിച്ചിട്ടുണ്ട്. *

Vol.16 No. 10, November 2021
Date of Publication: 06-11-2021
Govt. Media List No. G.O.(P) No. 10/2016/I&PR

SUSHUPTHI MONTHLY
PRICE: Rs 5/-

KL/TV(N)/WPP/209/2019-21
Licensed to Post without Pre - Payment
KL/TV(N)/574/2019-2021
Reg. No. 36072/81

# തിരുവിതാംകൂർ മാന്വലിൽ നിന്ന്
# നാടാർ ആര്? നാഗമയ്യ എഴുതുന്നു.

**എ.എസ്.ഷെൽട്ടൻ ജോർജ്ജ്**



നാടാർ ആൺകുട്ടിയെ സ്കൂളിലേക്ക് ആദ്യമായി അയയ്ക്കുന്നത് ഒരു ചടങ്ങായി നടത്തുന്നു. പരമ്പരാഗത വസ്ത്രമണിയിക്കുകയും ഏറ്റവുമടുത്ത ബന്ധുക്കളുടെ സാന്നിദ്ധ്യവും ഉണ്ടായിരുന്നു. വീട്ടിൽ എഴുത്തിനിരുത്തുന്നതും ചടങ്ങായി നടത്തുകപതിവാണ്. പതിനാറ് വയസ്സു തികയുന്നതിനും ചടങ്ങുണ്ട്. തലയിൽ ഉറുമാൽ കെട്ടും മടിയിൽ കത്തിയും ധരിപ്പിക്കും. പെൺകുട്ടികൾ പ്രായമാകുന്ന ചടങ്ങും ആഘോഷവും തെരണ്ടുകല്യാണമായി നടത്തുന്നു.

വിവാഹനിശ്ചയത്തിന് വരന്റെ ഏതാനും ബന്ധുക്കൾ പെൺകുട്ടിയുടെ വീട്ടിലേക്ക് പോകുന്നു. പെണ്ണ് ചോദിക്കുകയും നിശ്ചയിക്കുകയും ചെയ്താൽ ആ വീട്ടിൽ നിന്ന് ഭക്ഷണം കഴിച്ചു മടങ്ങും. നിശ്ചയിക്കപ്പെട്ട ദിവസം വരൻ ബന്ധുക്കൾക്കൊപ്പം കൊട്ടും തകിലുമായി വിവാഹത്തിന് പുറപ്പെടും. വലതു കൈയിൽ വാളും ഇടതുകൈയിൽ വെറ്റിലക്കെട്ടും വഹിക്കും. വധൂഗൃഹത്തിനു മുമ്പിൽ വധുവിന്റെ സഹോദരൻ വരനെ സ്വീകരിച്ച് പുറത്തെ പന്തലിൽ കൊണ്ടിരുത്തും. വിവാഹമുഹൂർത്തത്തിൽ വരനെ അകത്തെ പന്തലിലേക്ക് ആനയിക്കും. നിറനാഴിയുടെയും നിലവിളക്കിന്റെ സാന്നിദ്ധ്യത്തിലാണ് വിവാഹം. വധുവിന്റെ പിതാവ് കൈപിടിച്ച് വരനെ ഏല്പിക്കും. താലികെട്ടിന് കുടുംബപുരോഹിതനും കാവതിയും നേതൃത്വം നൽകും. കുടുംബ ബന്ധങ്ങളെ ഊട്ടിയുറപ്പിക്കുന്ന നിരവധി ചടങ്ങുകൾ നാടാർ കല്യാണങ്ങൾക്കുണ്ട്. കല്യാണ ചടങ്ങു കഴിഞ്ഞയുടൻ വരനേയും വധുവിനേയും വീട്ടിലെ ഒരു മുറിയ്ക്കുള്ളിൽ കൊണ്ടിരുത്തും. തുടർന്ന് സദ്യ ആരംഭിക്കും. വധുഗൃഹത്തിലേക്ക് വരുന്നതിനും വധുവുമായി തിരികെ മടങ്ങുമ്പോഴും കാവതി, വെള്ളത്തുണി മൂടിയ കുട പിടിച്ചുകൊടുക്കുകയും ചവിട്ടി പോകാൻ മണ്ണാൻ മാറ്റു വിരിക്കുകയും ചെയ്യുന്നു. വിവാഹവുമായി ബന്ധപ്പെട്ട ചടങ്ങുകൾ പതിനാറ് ദിവസം വരെ നീളും.

നാടാർ സമുദായത്തിൽപ്പെട്ട നല്ലൊരു വിഭാഗം ജനതയും കൃഷിയും പന കയറ്റവും കരുപ്പട്ടി ഉത്പാദനവും തൊഴിലാക്കിയിരുന്നു. സിദ്ധവൈദ്യത്തിലും മർമ്മവിദ്യയിലും നിപുണരായി നിരവധി പേർ അറിയപ്പെട്ടു. വൻകിട കർഷകരും ഭൂപ്രഭുക്കളും ഇവർക്കിടയിൽ കാണാം.

തമിഴാണ് നാടാരുടെ മാതൃഭാഷ. എന്നാൽ നെയ്യാറ്റിൻകര, തിരുവനന്തപുരം, നെടുമങ്ങാട്, കൊട്ടാരക്കര, പത്തനാപുരം എന്നിവിടങ്ങളിലെ നാടാർ മലയാളം സംസാരിക്കുന്നു. 1901ലെ സെൻസസ് പ്രകാരം 7 ശതമാനം നാടാർ പുരുഷന്മാർ വിദ്യാസമ്പന്നരായിരുന്നു. എന്നാൽ സ്ത്രീകൾ നിരക്ഷരരായി തുടർന്നു. കഠിനാദ്ധ്വാനികളായ ഈ ജനത ജീവിതത്തിൽ ഉന്നതനിലവാരം പുലർത്താൻ ശ്രമിച്ചിരുന്നു. ദരിദ്രരും പാപ്പരായവരും ഇവർക്കിടയിൽ ഉണ്ടായിരുന്നില്ല. കാമുദി ക്ഷേത്ര സംഭവവും കേസിൽ ഉണ്ടായ അപ്രതീക്ഷിത തിരിച്ചടിയും നാടാർ ജനതയിൽ മനോവേദനയും അമ്പരപ്പും സൃഷ്ടിച്ചു. ക്രിസ്ത്യൻ മിഷണറിമാരുടെ വരവും മതംമാറ്റവും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെ ഉന്നത സർക്കാർ തസ്തികകളിലെത്താൻ ഇവരെ സഹായിച്ചു.

# വക്കംമൗലവിയെയും സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെയും കുറിച്ചുള്ള തപാൽകവറുകൾ ഗവർണർ പ്രകാശനം ചെയ്തു

സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം അമൃത മഹോത്സവമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി സ്വാതന്ത്ര്യ സമരത്തിലെ വാഴ്ത്തപ്പെടാത്ത വീരനായകരായ വക്കം മുഹമ്മദ്




അബ്ദുൾഖാദർമൗലവി, സ്വദേശാഭിമാനി രാമകൃഷ്ണപിള്ള എന്നിവരെക്കുറിച്ച് കേരള തപാൽ സർക്കിൾ പുറത്തിറക്കിയ സവിശേഷ തപാൽകവറുകൾ കേരളഗവർണർ ആരിഫ് മുഹമ്മദ് ഖാൻ പ്രകാശനം ചെയ്തു.

വക്കംമൗലവിയുടെയുംസ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെയും തപാൽകവറുകൾ പുറത്തിക്കുക വഴി തപാൽവകുപ്പ് കേരളത്തിന്റെ സാംസ്കാരിക പൈതൃകവും സാമൂഹിക നവോത്ഥാനവും ഉയർത്തി പിടിച്ചതായി ഗവർണർ പറഞ്ഞു. സ്വാതന്ത്ര്യത്തിനായുള്ള ഇവരുടെ ത്യാഗം സുവർണ ലിപികളാൽ എഴുതപ്പെട്ടിരിക്കുന്നു എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കോവിഡ് 19 മഹാമാരിയിൽ ജീവൻ നഷ്ടപ്പെട്ട 1200 തപാൽ ജീവനക്കാർക്കും ഗവർണർ ആദരാഞ്ജലികൾ അർപ്പിച്ചു. ഡാക്സേവാ അവാർഡുകൾ ജീവനക്കാർക്ക് കൂടുതൽ പ്രചോദനമാകുമെന്ന അദ്ദേഹം പറഞ്ഞു. ചടങ്ങിൽ കേരള സർക്കിൾ ചീഫ് പോസ്റ്റ്മാസ്റ്റർ ജനറൽശൂലി ബർമൻ അധ്യക്ഷയായിരുന്നു.

കേരള തപാൽ സർക്കിളിലെ മികച്ച വനിതാജീവനക്കാരി ഉൾപ്പെടെ മികച്ച എട്ട് തപാൽജീവനക്കാർക്ക് ഡാക്സേവാ അവാർഡ് നൽകി ആദരിച്ചു.

മധ്യമേഖല പോസ്റ്റ്മാസ്റ്റർ ജനറൽ ശ്രീമതി മറിയാമ്മ തോമസ്, ഉത്തരമേഖല പോസ്റ്റ്മാസ്റ്റർ ജനറൽ ശ്രീമതി നിർമ്മലാ ദേവി, പോസ്റ്റൽ സർവീസ് ഡയറക്ടർ സി ആർ രാമകൃഷ്ണൻ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

Edited, Printed, Published & Owned by A.S. Ahimohanan; Printed at Chackala Printers for Aradhika Printers,Gandhari Amman Kovil Road Thiruvananthapuram, Published from Dinakairali Bhavan, Mob:9349808720. Kunnampuram, Thiruvananthapuram-1, Kerala